## നിയമ പ്രാവീണ്യവും പരിചയവുമുള്ള വ്യക്തി ഗാർഹികാന്വേഷണം നടത്തുമ്പോൾ കുറ്റാരോപിതൻ ആവശ്യപ്പെട്ടാൽ നിയമജ്ഞന്റെ സഹായം അനുവദിക്കണം

### കേരള ഹൈക്കോടതി

W.A. No. 103/2020 Dt. 28.1.2020

വൈക്കം താലൂക്ക് കോ-ഓപ്പറേറ്റീവ്
അഗ്രിക്കൾച്ചറൽ ഏന്റ് റൂറൽ ഡവലപ്മെന്റ് ബേങ്ക് ലിമിറ്റഡ്
x
അനിൽ കുമാർ

ബേങ്കിലെ ജീവനക്കാരനെതിരെ പെരുമാറ്റദൂഷ്യം ആരോപിക്കപ്പെട്ടതിനെത്തുടർന്ന് മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് ഉടൻ പ്രാബല്യത്തോടെ സസ്പെന്റ് ചെയ്തു. താമസിയാതെ മേനേജ്മെന്റ് അയാൾക്ക് കുറ്റപത്രം നല്കുകയും ഗാർഹികാന്വേഷണം നടത്താൻ ഉത്തരവിടുകയും ചെയ്തു. നിയമാഭ്യസനം നടത്തുന്ന അഭിഭാഷകനെയാണ് അന്വേഷണ ഉദ്യോഗസ്ഥനായി മേനേജ്മെന്റ് നിയമിച്ചത്. ഗാർഹികാന്വേഷണ നടപടികളിൽ മേനേജ്മെന്റിന് വേണ്ടി ഹാജരാകാൻ നിയമിക്കപ്പെട്ടത് നിയമ പരിശീലനമൊന്നും ലഭിച്ചിട്ടില്ലാത്ത അസിസ്റ്റന്റ് സെക്രട്ടറിയാണ്. ഗാർഹികാന്വേഷണത്തിൽ പങ്കെടുക്കാനെത്തിയ കുറ്റാരോപിതൻ തന്റെ ഭാഗം അവതരിപ്പിക്കുന്നതിനും തനിക്കു വേണ്ടി വാദിക്കുന്നതിനും വേണ്ടി അഭിഭാഷകന്റെ സഹായം സ്വീകരിക്കാൻ അനുവദിക്കണമെന്ന് ഗാർഹികാന്വേഷണ ഉദ്യോഗസ്ഥനോട് അഭ്യർത്ഥിച്ചു. കുറ്റാരോപിതന്റെ അഭ്യർത്ഥന ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ നിരസിച്ചു. ഇതിനെതിരെ കുറ്റാരോപിതൻ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഗാർഹികാന്വേഷണ ഉദ്യോഗസ്ഥന്റെ ഉത്തരവ് റദ്ദാക്കിയ സിംഗിൾ ബഞ്ച് കുറ്റാരോപിതന് അഭിഭാഷകന്റെ സഹായം അനുവദിക്കേണ്ടതാണെന്നും മേനേജ്മെന്റിന് വേണമെങ്കിൽ അഭിഭാഷകനെ പ്രസന്റിങ് ഓഫീസറായി നിയമിക്കാവുന്നതാണെന്നും വ്യക്തമാക്കി. ഇതിനെതിരെ മേനേജ്മെന്റ് ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. മേനേജ്മെന്റിന്റെ പ്രസന്റിങ് ഓഫീസർ നിയമപരിചയമില്ലാത്ത വ്യക്തിയായതിനാൽ കുറ്റാരോപിതന് നിയമജ്ഞന്റെ സഹായം അനുവദിക്കുന്നത് അന്യായമാണെന്ന് മേനേജ്മെന്റ് വാദിച്ചു. സാരമായ നിയമപ്രശ്നങ്ങളൊന്നും ഇല്ലാത്ത ഗാർഹികാന്വേഷണത്തിൽ അഭിഭാഷകന്റെ സഹായം ആവശ്യമില്ലെന്ന് മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. പ്രസന്റിങ് ഓഫീസർ നിയമ പരിചയമുള്ള വ്യക്തിയല്ലെങ്കിലും അന്വേഷണ ഉദ്യോഗസ്ഥൻ അഭിഭാഷകനാകയാൽ തന്റെ ഭാഗം ന്യായമായി അവതരിപ്പിക്കാൻ തനിക്ക് അഭിഭാഷകന്റെ സഹായം അത്യാവശ്യമാണെന്നും അല്ലാത്ത പക്ഷം സ്വാഭാവിക നീതി നിഷേധിക്കപ്പെടുമെന്ന് ഭയക്കുന്നുവെന്നും കുറ്റാരോപിതൻ ഹൈക്കോടതിയിൽ ബോധിപ്പിച്ചു. അന്വേഷണ ഉദ്യോഗസ്ഥൻ നിയമപ്രാവീണ്യവും പരിചയവുമുള്ള വ്യക്തിയാണെങ്കിൽ കുറ്റാരോപിതന് നിയമജ്ഞന്റെ സഹായം അനുവദിക്കേണ്ടതാണെന്നും സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾ പാലിക്കപ്പെടുന്നതിന് അത് അത്യന്താപേക്ഷിതമാണെന്നും ഡിവിഷൻ ബഞ്ച് വിലയിരുത്തി. ഗാർഹികാന്വേഷണത്തിൽ പ്രസന്റിങ് ഓഫീസറുടെ നിയമ പരിജ്ഞാനമല്ല അന്വേഷണ ഉദ്യോഗസ്ഥന്റെ നിയമ പ്രാവീണ്യമാണ് പ്രസക്തമായിട്ടുള്ളതെന്ന് ഡിവിഷൻ ബഞ്ച് ചൂണ്ടിക്കാട്ടി. നിയമാഭ്യസനം നടത്തുന്ന അഭിഭാഷകൻ ഗാർഹികാന്വേഷണം നടത്തുന്ന സാഹചര്യത്തിൽ കുറ്റാരോപിതന് അഭിഭാഷകന്റെ സഹായം നിരസിച്ചത് അന്യായമാണെന്ന് വിലയിരുത്തിയ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി ശരിവയ്ക്കുകയും മേനേജ്മെന്റിന്റെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.